Talented Bankers Literary Panel
പുസ്തക പരിചയം 269

ഏക് ലാ ചലോ,
രചന മഠത്തിൽ

പരിചയപ്പെടുത്തുന്നത്,
അഭിലാഷ് പി
ബാങ്ക് ഓഫ് ബറോഡ
പെരിന്തൽമണ്ണ ശാഖ

എത്ര അടരുകളുള്ള എഴുത്താണ് ഇതെന്ന് ഞാൻ പലപ്പോഴും ആലോചിച്ചിട്ടുണ്ട്..
രചനയുടെ എഴുത്തിൽ എപ്പോഴും ആഴമാണ് ഗതി നിർണ്ണയിക്കുന്നത്.

രണ്ടാമത്തെ പുസ്തകമെത്തുമ്പോൾ പുസ്തകത്തെ പറന്നു വരാൻ പറഞ്ഞു വിട്ട് സ്വസ്ഥമായി ഇരിക്കുന്നുണ്ട് എഴുത്തുകാരി.

പുസ്തകത്തിന്റെ പിറകിൽ എടുത്തെഴുതിയ വരികൾ പോലെ ഏറ്റവും ഇഷ്ടപ്പെട്ട എഴുത്ത് കരിയന്റേതായിരുന്നു.

അംബികാ സുതൻ മാങ്ങാടിന്റെ കണ്ണൻ ദേവനാണ് എനിക്ക് ഇതുപോലെ മുമ്പ് ഇഷ്ടപ്പെട്ടത്.

ത്രികോണം കഥയിലെ സാറും മേരി ചേച്ചിയും.

തീമരം കഥയിലെ വൈശാലിയും സന്ദീപായും. ബാംഗ്ലൂർ എന്ന നഗരത്തിന്റെ രണ്ടു വശങ്ങൾ അനുഭവിച്ചിട്ടുള്ളത് കൊണ്ട് അതും ഹൃദ്യമായിരുന്നു.

'ഏക് ലാ ചലോ ' എന്ന ടൈറ്റിൽ സ്റ്റോറി രാഷ്ട്രീയ കഥയാണ്. നാളെ എന്നെങ്കിലും പുനരാവിഷ്കരിക്കപ്പെട്ടേക്കാവുന്ന കോവിഡ് ദിനങ്ങളുടെ അതിഥി തൊഴിലാളി അനുഭവം... ഡൽഹിയിലും ബാംഗ്ലൂരിലും നടന്നു താണ്ടി യു. പി യും ബീഹാറിലുമുള്ള വീടുകളിൽ എത്താൻ പോയ തൊഴിലാളികളുടെ നീണ്ട നിര.

അവരിൽ കുറച്ചു പേര് റെയിൽ ട്രാക്കിൽ കിടന്നു ഉറങ്ങവേ ട്രെയിൻ കയറി പൊലിഞ്ഞുപോയ ദുരന്തം.
ഒപ്പം ടാഗോറിന്റെ ഈ വരികൾ ഞാൻ ആദ്യം കേൾക്കുന്നത് രചന വഴി ആണെന്നതിന് പ്രത്യേക സന്തോഷം.

കുറ്റിച്ചൂലിലെ ആറ്റാത്തയുടെ പ്രേമക്കുപ്പി... അത്തർ മണം... ഇറാക്കിൽ നിന്ന് വന്ന ശവ മഞ്ചത്തിന്റ ഫോർമാലിൻ മണം..

പതിനഞ്ചാമത്തെ കഥയായ 'ത്രികോണം'.
വേദനയുടെ ഒരു നീണ്ടകഥ. സാർ അതിൽ ഒരു കാരണം മാത്രം. കഥകൾ മേരി ചേച്ചിയുടേതാണ്. ചാരുതയുടെയും.
മേരി ചേച്ചിയുടെ നീണ്ട കഥ അവസാനിക്കുന്നത് "അന്ന് രാത്രി അമ്മായീം പോയി.. പിന്നെ ഞാൻ അങ്ങട്ട് പോയിട്ടില്ല.. വീട് വീണ് പോയിണ്ടാവും.. കായലിലേക്ക്.. "

മുൻ ജീവിതത്തിന്റെ അവസാന തുരുത്ത്
ഒരു കാറ്റത്തും മഴയത്തും കായലിലേക്ക് പതിക്കുന്നത്.. പിന്നെ അടയാളം ബാക്കി വെക്കാതെ ഒഴുകിപ്പോകുന്നത് സങ്കൽപ്പിക്കാൻ എത്ര എളുപ്പമായിരുന്നു.!
പിന്നെ ചാരുതയുടെ ജീവിതത്തിലെ ടോക്സിക് റിലേഷൻഷിപ്പ്.! അഭി എന്ന ദുരന്തം..

സാറിന്റെ ഓർമ്മകളെപ്പറ്റിയുള്ള ആ വരി..'ഓർമ്മകൾക്ക് ഒരു പ്രശ്നം ഉണ്ട് ചാരുത. ഒരിക്കൽ ഒളിവിൽ പോയാൽ ആ ഇരുട്ടിൽ സുഖം കണ്ടാൽ തിരികെ വരില്ല..'
ആൾബോംബ് രചനയുടെ മറ്റൊരു രാഷ്ട്രീയ രചനയാണ്. കാലത്തിനു പറയുന്നത് പോലെ നീതിയൊന്നുമില്ല. ചില അദ്ധ്വാനികളായ മനുഷ്യർ പെടാപ്പാട് പെട്ട് മാറ്റുന്നതാണ് നീതിയുടെ ചരിത്രം. കുടുംബ വാട്സ്ആപ്പ് ഗ്രൂപ്പിൽ ഇപ്പോഴും അയാൾ ആൾബോംബ് ഭാസ്കരൻ ആകുന്നു.. അയാളുടെ വർത്തമാനം പലരുടെയും കണ്ണ് തുറപ്പിക്കുന്നില്ല.

അസിയും, ഒടുക്കത്തെക്ഷീടെ കൂട് കത്ത്യേ... ഒക്കെ മുമ്പ് വായിച്ചിട്ടുണ്ട്.

ഏക് ലാ ചലോ.. രചന യുടെ രണ്ടാമത്തെ പുസ്തകമാണ്. എഴുത്ത് അതിലും കൂടുതൽ തവണ മുന്നേറിയിരിക്കുന്നു. ഭാവുകങ്ങൾ!!.

ഡ്രീം പബ്ലിക്കേഷൻ
വില : Rs.190/-